തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU ES 6102

**എം. എ./എം.എസ്സി പരിസ്ഥിതിപഠനം**

# പരിസ്ഥിതിവിജ്ഞാനം : അടിസ്ഥാന തത്വങ്ങൾ

സമയം: 3 മണിക്കൂർ — മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. എന്താണ് ഇക്കോടോൺ? ഒരു ഉദാഹരണം എഴുതുക.
2. ജൈവഭൗമരാസചക്രങ്ങൾ (Biogeochemical cycle) എന്നാലെന്ത്?
3. ഓട്ടിക്കോളജി (Autecology)
4. സഹഭോജിത്വം (Commensalism)
5. ട്രോപ്പോസ്ഫിയർ, സ്ട്രാറ്റോസ്ഫിയർ – ഇവ തമ്മിലുള്ള വ്യത്യാസം എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ആവാസവ്യവസ്ഥയുടെ ഘടന വിശദമാക്കുക?
7. കുറിപ്പെഴുതുക.
   1. ഭക്ഷ്യശൃംഖല (Food Chain)
   2. ഭക്ഷ്യവല (Food Web)
8. ആവാസവ്യവസ്ഥ സേവനങ്ങൾ (Ecosystem services) വിശദമാക്കുക.
9. മണ്ണിന്റെ ഭൗതിക ഗുണങ്ങൾ (Physical Properties) വിശദമാക്കുക.
10. കണ്ടൽക്കാട് ആവാസവ്യവസ്ഥയുടെ പ്രാധാന്യം വിവരിക്കുക.
11. നൈട്രജൻ ചാക്രികത



12. ആൻഡോലിയോപോൾഡിന്റെ ഭൗമസദാചാരത്തെപ്പറ്റി കുറിപ്പെഴുതുക.
13. ജനസംഖ്യാവ്യാപനം (Population dispersal) വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഇക്കോളജിക്കൽ പിരമിഡ് ഉദാഹരണസഹിതം വിവരിക്കുക.
15. ആവാസവ്യവസ്ഥയിലെ പാരിസ്ഥിതികഘടകങ്ങൾ ഉപന്യസിക്കുക.
16. കാലാവസ്ഥാവ്യതിയാനവും ആവാസവ്യവസ്ഥയുടെ ശോഷണവും – നിങ്ങളുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU ES 6103

**എം. എ. പരിസ്ഥിതിപഠനം**

# ജൈവവൈവിധ്യ സംരക്ഷണവും പരിപാലനവും

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഉഷ്ണമേഖല വരണ്ടവനങ്ങളിൽ പൊതുവിൽ കാണപ്പെടുന്ന രണ്ടു സസ്യജാതികൾക്ക് ഉദാഹരണം എഴുതുക.
2. ജീവമണ്ഡലം (Biosphere)
3. ജനിതകവൈവിധ്യം
4. ജൈവവൈവിധ്യത്തിന്റെ നേരിട്ടുള്ള രണ്ടു മൂല്യങ്ങൾ
5. ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന രണ്ട് അന്തർദേശീയ സംഘടനകൾ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. കേരളത്തിലെ പ്രധാന കായലുകളും അവനേരിടുന്ന പ്രശ്നങ്ങളേയും കുറിച്ച് കുറിപ്പെഴുതുക.
7. ജൈവവൈവിധ്യ തലങ്ങൾ (levels) ഏതെല്ലാം
8. വിശദമാക്കുക.

   എ) കൺസർവേഷൻ റിസർവുകൾ

   ബി) കമ്മ്യൂണിറ്റി റിസർവുകൾ
9. കാർഷിക ജൈവവൈവിധ്യം -വിശദമാക്കുക.
10. അധിനിവേശ ജീവജാതികൾ ഉയർത്തുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുക.
11. ഐ.യു.സി.എൻ. കാറ്റഗറികൾ ഏതെല്ലാം?



12. ഭൂഗർഭജലസ്രോതസ്സുകൾ - പ്രാധാന്യം, ശോഷണകാരണങ്ങൾ എന്നിവ ചർച്ച ചെയ്യുക.
13. ജൈവവൈവിധ്യവും ഉപജീവനമാർഗ്ഗങ്ങളും -ചർച്ച ചെയ്യുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഇന്ത്യയിലെ പ്രധാന നദികൾ, അവനേരിടുന്ന പ്രധാന ശോഷണ കാരണങ്ങൾ എന്നിവയെകുറിച്ച് ഉപന്യസിക്കുക.
15. വിശദമാക്കുക

    എ) റെഡ് ഡാറ്റാ ബുക്ക്

    ബി) പ്രകൃതി വിഭവങ്ങൾ

    സി) ദേശീയോദ്യാനങ്ങൾ
16. ജൈവവൈവിധ്യം -ആശയം, തരങ്ങൾ, തലങ്ങൾ എന്നിവയെക്കുറിച്ച് കുറിപ്പെഴുതുക. ജൈവ വൈവിധ്യത്തിന് ഭീഷണിയായ ഏതെങ്കിലും അഞ്ച് കാരണങ്ങൾ വ്യക്തമാക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU ES 6104

**എം. എ. പരിസ്ഥിതിപഠനം**

# ഊർജ്ജവും പരിസ്ഥിതിയും

സമയം: 3 മണിക്കൂർ                മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. എന്താണ് ഊർജം? വിവിധതരം ഊർജരൂപങ്ങൾ ഏതെല്ലാം?

2. എൽ.പി.ജിയുടെ പൂർണരൂപം എന്ത്
   എൽ.പി.ജിയിലെ പ്രധാനഘടകം ഏതാണ്?

3. ഒരു ബാരൻ എത്ര ലിറ്ററിന് തുല്യമാണ്? പ്രവർത്തനം തുടരുന്ന ഏറ്റവും പഴക്കമുള്ള എണ്ണപ്പാടം ഇന്ത്യയിൽ എവിടെ സ്ഥിതി ചെയ്യുന്നു.

4. കോളിഫിക്കേഷൻ എന്നാലെന്ത്?

5. ആൽബെഡോ എന്നാലെന്ത്? ഭൂമിയുടെ ആൽബെഡൊ എത്ര?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. താപനിലയങ്ങൾ എന്നാലെന്ത്? താപനിലയങ്ങൾ കൊണ്ടുണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ.

7. വായു രഹിതദഹനം എന്നാലെന്ത്? ഇതിലൂടെ ഊർജ്ജോൽപാദനം നടത്തുന്നതിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കുക.

8. ഊർജ ഓഡിറ്റ് എന്നാലെന്ത്? വിവിധതരം ഊർജ ഓഡിറ്റുകൾ ഏതെല്ലാം? ഊർജ ഓഡിറ്റിന്റെ വിവിധ ഘട്ടങ്ങൾ വിവരിക്കുക.

9. അശ്മക ഇന്ധനങ്ങളുടെ ഉപയോഗം കുറക്കുന്നതിനായുള്ള ബദൽ ഇന്ധനസ്രോതസ്സുകൾ വിവരിക്കുക.



10. എന്താണ് ഭൗമതാപോർജ്ജം? വിവിധ തരം ഭൗമതാപോർജപ്ലാന്റുകൾ ഏതെല്ലാം?

11. ഫോട്ടോവോൾട്ടെയ്ക് സാങ്കേതിക വിദ്യയിലൂടെ ഊർജം ഉൽപാദിപ്പിക്കുന്നതിന്റെ പ്രവർത്തനതത്വം വിശദമാക്കുക.

12. ഓയിൽ സ്പില്ലിംഗ് ദുരന്തങ്ങൾ എന്നാലെന്ത്? രണ്ട് ഉദാഹരണങ്ങൾ എഴുതുക. ഇത് കൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക സാമൂഹിക ദോഷങ്ങൾ എന്തെല്ലാം?

13. എന്താണ് വിദ്യുത്കാന്തിക സ്പെക്ട്രം? സ്പെക്ട്രത്തിലെ വിവിധ തരംഗങ്ങളുടെ പ്രത്യേകതകൾ വിവരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സൂര്യനാണ് അത്യന്തികമായ ഊർജസ്രോതസ്സ് വിശദീകരിക്കുക.

15. പുനരുൽപാദിപ്പിക്കാൻ കഴിയുന്ന ഊർജസ്രോതസ്സുകൾ ഉയർത്തുന്ന സാമൂഹിക പാരിസ്ഥിതിക വെല്ലുവിളികളെകുറിച്ച് ഉപന്യസിക്കുക.

16. ആണവനിലയങ്ങൾ വഴി ഊർജോൽപാദനം നടത്തുന്നതിന്റെ പ്രവർത്തനങ്ങൾ ഏതെല്ലാം? ലോകത്തിൽ നടത്തിട്ടുള്ള ആണവദുരന്തങ്ങൾ ഏതെല്ലാം? വിശദമാക്കുക. ഇന്ത്യയിലെ ഊർജോൽപാദനത്തിൽ ആണവനിലയങ്ങളുടെ പങ്ക് വിവരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU ES 6105

**എം. എ. പരിസ്ഥിതിപഠനം**

## സുസ്ഥിര വികസനം: സിദ്ധാന്തവും പ്രയോഗവും

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. സുസ്ഥിര വികസനം നിർവചിക്കുക

2. അജണ്ട 2030 എന്നാലെന്ത്?

3. സുസ്ഥിര ഊർജ്ജ സ്രോതസ്സുകൾക്ക് രണ്ട് ഉദാഹരണം നൽകുക.

4. ഹരിത ഗതാഗതം എന്നാലെന്ത്?

5. അഡിസ് അബാബ ആക്ഷൻ അജണ്ട (Addis Ababa Action Agenda) എന്നാലെന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. സുസ്ഥിര വികസനം എന്ന സങ്കൽപ്പത്തിന്റെ പശ്ചാത്തലവും പ്രാധാന്യവും വിവരിക്കുക.

7. മില്ലെനിയം വികസന ലക്ഷ്യങ്ങൾ എന്തെല്ലാം?

8. വ്യാവസായിക സഹവർത്തിത്വം (Industrial Symbiosis) എന്ന ആശയം ഉദാഹരണം സഹിതം വിശദമാക്കുക.

9. സുസ്ഥിര നഗരങ്ങളിലേക്കുള്ള മാറ്റങ്ങളും വെല്ലുവിളികളും വിവരിക്കുക.

10. കേരളത്തിന്റെ ഹരിത ഊർജ്ജ സാധ്യതകൾ വിശദമാക്കുക.

11. കേരളത്തിൽ സുസ്ഥിര വിനോദസഞ്ചാരവികസനത്തിന് എന്തെല്ലാം നടപടികളാണ് കൈകൊള്ളേണ്ടത്?



12. സുസ്ഥിര വികസന മാതൃകകൾ - കേരളീയ പശ്ചാത്തലത്തിൽ വിശദമാക്കുക.

13. നെൽവയൽ - തണ്ണീർത്തടസംരക്ഷണം സുസ്ഥിര വികസനത്തിന്റെ പശ്ചാത്തലത്തിൽ വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സുസ്ഥിര വികസന ലക്ഷ്യങ്ങളെകുറിച്ച് ഉപന്യസിക്കുക

15. സുസ്ഥിര വികസനം കൈവരിക്കുന്നതിന് കാലാവസ്ഥാവ്യതിയാനം മൂലമുള്ള വെല്ലുവിളികളെകുറിച്ച് ഉപന്യസിക്കുക.

16. താഴെ പറയുന്നവയെകുറിച്ച് ഉപന്യസിക്കുക.

എ) സുസ്ഥിര മത്സ്യവികസന നയം

ബി) സുസ്ഥിര വനസംരക്ഷണം

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MUES 6206

**എം. എ./എം.എസി. പരിസ്ഥിതിപഠനം**

# പാരിസ്ഥിതിക സംവിധാനങ്ങളും നിയമങ്ങളും

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. തീരദേശ നിയന്ത്രണ മേഖല (CRZ).
2. ഇന്ത്യൻ ഭരണഘടനയുടെ 42-ാം ഭേദഗതിയുടെ പ്രാധാന്യം.
3. ഉൽപാദകരുടെ അധിക ബാധ്യതാ സങ്കൽപനം (Extended Producer Responsibility).
4. ഗ്രീൻ അക്കൗണ്ടിംഗ് (Green Accounting).
5. പൊതുവിശ്വാസ സിദ്ധാന്തം (Public Trust Doctrine).

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. പരിസ്ഥിതി സംരക്ഷണ നിയമം (EPA) ചർച്ചചെയ്യുക.
7. നദീ സംയോജനത്തിന്റെ നേട്ടകോട്ടങ്ങൾ ചർച്ച ചെയ്യുക
8. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രധാന ഉത്തരവാദിത്തങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.
9. പരിസ്ഥിതി സംരക്ഷണത്തിൽ ഭരണഘടനയുടെ പങ്ക് ഇന്ത്യൻ പരിപ്രേക്ഷ്യത്തിൽ ചർച്ച ചെയ്യുക.
10. ദേശീയ ഹരിത ട്രിബ്യൂണലിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുക.
11. ആറ്റുമണൽ ഖനനം സംബന്ധിച്ച നിയമങ്ങൾ വിശകലനം ചെയ്യുക.
12. തണ്ണീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട നയങ്ങളും നിയമങ്ങളും ചർച്ച ചെയ്യുക.



13. കർശന ബാധ്യതയും (Strict Liability) സമ്പൂർണ്ണ ബാധ്യതയും (Absolute Liability) തമ്മിലുള്ള വ്യത്യാസം ഉദാഹരണ സഹിതം വ്യക്തമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. മാലിന്യ സംസ്കരണ നിയമങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
15. താഴെപ്പറയുന്ന നിയമ വ്യവഹാരങ്ങളെക്കുറിച്ച് വിശദമാക്കുക.

    എ) ഒലിയം ഗ്യാസ് ചോർച്ച

    ബി) കമൽനാഥ് കേസ്

    സി) ഗോദവർമ്മൻ കേസ്
16. പരിസ്ഥിതി സംരക്ഷണത്തിൽ പൊതുതാൽപര്യ ഹർജികളുടെ പങ്കിനെക്കുറിച്ച് ഉപന്യസിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MUES 6207

**എം. എ./എം.എസി. പരിസ്ഥിതിപഠനം**

# പാരിസ്ഥിതിക ആഘാതനിർണ്ണയവും ദുരന്തനിവാരണവും

സമയം: 3 മണിക്കൂർ                                         മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. സഞ്ചിതാഘാത പഠനം
2. സ്ക്രീനിംഗ് വിശദമാക്കുക
3. ദുരന്ത നിവാരണ ചക്രം
4. പൂർണ്ണരൂപം എഴുതുക.
   a) SDMA
   b) NEPA
5. ദേശീയ ദുരന്ത നിവാരണ സമിതി

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. തീരദേശ പരിപാലനനിയമത്തിന്റെ ആവശ്യകത ഇന്ത്യൻ പശ്ചാത്തലത്തിൽ ചർച്ച ചെയ്യുക.
7. സെൻസായ് ഫ്രെയിംവർക്ക്
8. ദുരന്ത നിവാരണ പ്രക്രിയയിൽ ആരോഗ്യം വിവരവിനിമയം, ഇൻഷുറൻസ്, പോലീസ്, NGOs എന്നിവയുടെ പങ്ക്.
9. പാരിസ്ഥിതികാഘാത നിർണയത്തിന്റെ ഘട്ടങ്ങളും രീതികളും വിശദമാക്കുക.
10. ദുരന്ത നിവാരണത്തിൽ റിമോട്ട് സെൻസിംഗ് ജി.ഐ.എസ്. എന്നീ സങ്കേതങ്ങളുടെ പങ്ക് ചർച്ച ചെയ്യുക.
11. പാരിസ്ഥിതികാഘാത കരട് വിജ്ഞാപനം 2020 ന്റെ പോരായ്മകൾ ചർച്ച ചെയ്യുക.
12. പാരിസ്ഥിതികാഘാത പഠനങ്ങളുടെ നേട്ടകോട്ടങ്ങൾ ചർച്ച ചെയ്യുക.
13. കാറ്റഗറി എ, കാറ്റഗറി ബി പ്രോജക്റ്റുകൾ അവയുടെ പ്രത്യേകതകൾ എന്നിവ ഉദാഹരണസഹിതം വ്യക്തമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സാമൂഹ്യ ആഘാത പഠനങ്ങൾ (SIA) സഞ്ചിതാഘാത പഠനങ്ങൾ (CIA) എന്നിവയുടെ ആവശ്യകത വിശദമാക്കുക.
15. ജീവിത ചക്രപഠനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും, ഘട്ടങ്ങളും ആവശ്യകതകളും വ്യക്തമാക്കുക.
16. ദുരന്ത നിവാരണ സംവിധാനങ്ങൾ ഇന്ത്യൻ പശ്ചാത്തലത്തിൽ ചർച്ച ചെയ്യുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MUES 6208

**എം. എ./എം.എസി. പരിസ്ഥിതിപഠനം**

# കാലാവസ്ഥയും കാലാവസ്ഥാവ്യതിയാനവും

സമയം: **3** മണിക്കൂർ    മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. എന്താണ് ഗ്ലോബൽ ഡിമ്മിംഗ്?
2. ദിനാവസ്ഥയും കാലാവസ്ഥയും എന്തെന്ന് തരംതിരിച്ച് എഴുതുക?
3. എൽനിന്നോ ലാനിന എന്തെന്ന് തരംതിരിച്ച് എഴുതുക?
4. എന്താണ് കാർബൺ സെക്ക്വസ്ട്രേഷൻ?
5. എന്താണ് ക്ലൈമാറ്റിക് വേരിയബിളിറ്റി?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഹരിതഗൃഹവാതകങ്ങൾ ഏതെല്ലാം? കാലാവസ്ഥാവ്യതിയാനത്തിൽ ഹരിതഗൃഹവാതകങ്ങളുടെ പങ്ക് വ്യക്തമാക്കുക?
7. കാലാവസ്ഥാവ്യതിയാനവും പ്രകൃതിദുരന്തങ്ങളും തമ്മിലുള്ള ബന്ധം ഉദാഹരണസഹിതം വ്യക്തമാക്കുക?
8. ആഗോളതാപനവും പരിണിതഫലങ്ങളും വിശദീകരിക്കുക?
9. കാലാവസ്ഥാവ്യതിയാനം എങ്ങനെയാണ് കേരളത്തിന്റെ തീരദേശത്തെ ബാധിക്കുന്നത്?
10. കാലാവസ്ഥാവ്യതിയാനം കേരളത്തിൽ ഉണ്ടാക്കുന്ന സാമൂഹ്യസാമ്പത്തിക പ്രത്യാഘാതങ്ങൾ വിശദമാക്കുക?
11. എന്താണ് കാർബൺ ശേഖരണം? ഏതെല്ലാം രീതിയിൽ കാർബൺ ശേഖരണം നടപ്പിലാക്കാം? വിവരിക്കുക.
12. കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര ഉടമ്പടികളെ കുറിച്ച് വിവരിക്കുക.
13. റെസീലിയന്റ് സിറ്റികളെ കുറിച്ച് പ്രതിപാദിക്കുക?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിക്കുക?
15. കാലാവസ്ഥാവ്യതിയാനം ലഘൂകരിക്കുന്നതിനുള്ള മാർഗങ്ങൾ വിശദീകരിക്കുക?
16. ഹരിതഗൃഹപ്രഭാവം എന്നാൽ എന്ത്? ഹരിതഗൃഹപ്രഭാവവും ആഗോളതാപനവും തമ്മിലുള്ള ബന്ധം വിശദമാക്കുക?

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MUES 6209

## എം. എ./എം.എസി. പരിസ്ഥിതിപഠനം

## പ്രകൃതിവിഭവ പരിപാലനം

സമയം: **3** മണിക്കൂർ	മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ബാഹ്യഫലം എന്നാൽ എന്ത്?
2. പാരമ്പര്യ പാരിസ്ഥിതിക വിജ്ഞാനം എന്നാൽ എന്ത്?
3. പേറ്റന്റ് എന്നാലെന്ത്? ഉദാഹരണസഹിതം വ്യക്തമാക്കുക.
4. പൊതു ആസ്തി വിഭവങ്ങൾ എന്നാലെന്ത്? ഉദാഹരണ സഹിതം വ്യക്തമാക്കുക.
5. കരുതൽ (Reserve) വിഭവങ്ങൾ ഉദാഹരണ സഹിതം വ്യക്തമാക്കുക.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. പ്രകൃതിവിഭവങ്ങളെ വികാസത്തിന്റെ (State of Development) അടിസ്ഥാനത്തിൽ ഉദാഹരണ സഹിതം വിശദമാക്കുക.
7. വിവിധതരം പാരിസ്ഥിതിക സേവനങ്ങൾ ചർച്ച ചെയ്യുക.
8. വിവിധതരം ഉടമസ്ഥാവകാശ റെജീമുകളെ (Ownership regimes) കുറിച്ച് വിവരിക്കുക.
9. വിശദമാക്കുക

   (a) പൊതു പ്രാപ്യവിഭവങ്ങൾ

   (b) വില വ്യാപനം (Price spread)



10. സുസ്ഥിര കൃഷിയും ഗ്രാമവികസനവും തമ്മിലുള്ള ബന്ധം ചർച്ച ചെയ്യുക.
11. ഇക്കോടൂറിസത്തെക്കുറിച്ച് കേരള പരിപ്രേഷ്യത്തിൽ വിശദമാക്കുക.
12. പ്രകൃതി വിഭവ പരിപാലനത്തെയും അരികുവൽക്കരണത്തെയും കുറിച്ച് കുറിപ്പെഴുതുക.
13. വിഭവ ശാപം എന്നാലെന്ത്? ഉദാഹരണസഹിതം ചർച്ച ചെയ്യുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സാമൂഹ്യാധിഷ്ഠിത പ്രകൃതി വിഭവ പരിപാലനം - ലക്ഷ്യങ്ങൾ, നേട്ടങ്ങൾ എന്നിവ ഉദാഹരണ സഹിതം ചർച്ച ചെയ്യുക.
15. പ്രകൃതി വിഭവ പരിപാലനത്തിലെ നൂതന സാങ്കേതിക വിദ്യകൾ ഏതെല്ലാം? ചർച്ച ചെയ്യുക.
16. പാരമ്പര്യ പാരിസ്ഥിതിക വിജ്ഞാനവും പ്രകൃതി വിഭവ പരിപാലനവും നിങ്ങളുടെ കാഴ്ചപ്പാടിൽ ഉപന്യസിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MUES 6210

**എം. എ./എം.എസി. പരിസ്ഥിതിപഠനം**

**ഗവേഷണരീതിശാസ്ത്രം**

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഗവേഷണ രൂപരേഖ (Synopsis) എന്നാൽ എന്ത്?
2. ഇംപാക്ട് ഫാക്ടർ എന്നാൽ എന്ത്?
3. ഗ്രന്ഥസൂചി (Reference) എന്നാൽ എന്ത്?
4. എന്താണ് അടിക്കുറിപ്പ്?
5. ഗവേഷണത്തിന്റെ ലക്ഷ്യങ്ങൾ എന്താണ്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. പ്രാഥമിക ദത്തശേഖരണത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
7. നോൺ പരാമെട്രിക് ടെസ്റ്റിന്റെ അടിസ്ഥാന ധാരണകൾ എന്നതിനെപ്പറ്റി വിവരിക്കുക.
8. വിവിധതരം ഗവേഷണങ്ങളെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.
9. ഗവേഷണ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന്റെ ഒരു രൂപരേഖ തയ്യാറാക്കുക.
10. പങ്കാളിത്ത ഗ്രാമ വിശകലനം (PRA) എന്താണ് എന്ന് വിശദമാക്കുക.
11. ഗവേഷണ നൈതികത വിശദമാക്കുക.
12. വിവരങ്ങളുടെ അപഗ്രഥനം എന്നതിനെപ്പറ്റി ഒരു കുറിപ്പ് എഴുതുക.



13. സമ്മേളനങ്ങൾ, ശിൽപശാല എന്നതിനെപ്പറ്റി ഒരു കുറിപ്പ് എഴുതുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഗവേഷണം എന്നാൽ എന്ത്? ഗവേഷണത്തിന്റെ വിവിധ ഘട്ടങ്ങൾ വിശദമാക്കുക.
15. സാംപ്ലിങ് എന്നാൽ എന്ത്? സാംപ്ലിങ് തന്ത്രങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുക.
16. ഗവേഷണപേപ്പർ (Research Paper) തയ്യാറാക്കുന്നതെങ്ങനെയെന്ന് വിവരിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU ES 6311

## എം. എ. പരിസ്ഥിതിപഠനം

## പാരിസ്ഥിതിക ചരിത്രം

സമയം: **3** മണിക്കൂർ | മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. വിഭവശാപം
2. സാമ്പത്തിക ഉദാരത എന്നാലെന്ത്?
3. ജും (Jhum) കൃഷിരീതി?
4. സിൽവി കൾച്ചർ
5. ഗെയിം ഹണ്ടിംഗ് (Game Hunting)?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. എൻഡോസൾഫാൻ സമരത്തെക്കുറിച്ച് കുറിപ്പെഴുതുക.
7. ടൂറിസം മേഖലയുടെ വികസനം കേരള പരിപ്രേക്ഷ്യത്തിൽ ചർച്ച ചെയ്യുക.
8. മലബാർ പാലായനത്തിന്റെ സാമൂഹിക സാമ്പത്തിക കാരണങ്ങൾ വിശദമായി ചർച്ച ചെയ്യുക.
9. വന്യജീവി സമ്പത്തിന്റെ ശോഷണം മുഗൾ- ബ്രിട്ടീഷ് ഭരണ കാലഘട്ടത്തെ മുൻനിർത്തി വിശദമാക്കുക.
10. ബ്രിട്ടീഷ് സർക്കാർ കൊണ്ടുവന്ന വനനയങ്ങൾ തദ്ദേശീയ ജനങ്ങളിൽ ചെലുത്തിയ അരക്ഷിതാവസ്ഥകൾ വിശദമാക്കുക.
11. ഗ്രോമോർ ക്യാമ്പയിൻ ചർച്ച ചെയ്യുക.
12. വന്യജീവി സംഘർഷം കേരളീയ പശ്ചാത്തലത്തിൽ ചർച്ച ചെയ്യുക.



13. ഐക്യ കേരള രൂപീകരണത്തിന്റെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ വ്യക്തമാക്കുക?

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ബ്രിട്ടീഷ് കാലഘട്ടത്തിലെ വനവിഭവശോഷണവും വനനയരൂപീകരണവും ചർച്ച ചെയ്യുക.
15. ഹരിതവിപ്ലവം ഇന്ത്യൻ പരിപ്രേക്ഷ്യത്തിൽ ചർച്ച ചെയ്യുക.
16. സ്വതന്ത്ര ഇന്ത്യയിലെ അസ്ഥിര വികസനവും പരിസ്ഥിതി സമരങ്ങളെയും കുറിച്ച് ഉപന്യസിക്കുക

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU ES 6312

**എം. എ. പരിസ്ഥിതിപഠനം**

# പാരിസ്ഥിതിക സാമൂഹ്യശാസ്ത്രം

സമയം: 3 മണിക്കൂർ    മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഹരിതഗൃഹപ്രഭാവം
2. കേരളത്തിലെ ഏതെങ്കിലും രണ്ട് പ്രധാന പരിസ്ഥിതി സമരവും അതിന് നേതൃത്വം നൽകിയവരുടെ പേരും എഴുതുക.
3. പാരിസ്ഥിതിക സാമൂഹ്യശാസ്ത്രത്തിന്റെ രണ്ട് പ്രധാന ചിന്തകൾ?
4. ശബ്ദമലിനീകരണത്തിന്റെ പ്രധാന സ്രോതസ്സുകൾ?
5. ഭാരതപ്പുഴയുടെ ഏതെങ്കിലും രണ്ട് കൈവഴികളുടെ പേര് എഴുതുക.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ചിപ്കോ പ്രസ്ഥാനം വ്യക്തമാക്കുക.
7. അരികുവൽക്കരണം മത്സ്യത്തൊഴിലാളി സമുദായത്തെ മുൻനിർത്തി എഴുതുക.
8. ആഗോളതാപനം കൊണ്ടുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ വിശദമാക്കുക.
9. പരിസ്ഥിതിയും ലിംഗപദവിയും -കുറിപ്പെഴുതുക.
10. ആവാസവ്യവസ്ഥയുടെ നാശവും ആരോഗ്യപ്രശ്നങ്ങളും - വിവരിക്കുക.
11. നഗരവികസനവും പാരിസ്ഥിതിക പ്രത്യാഘാതങ്ങളും -കുറിപ്പെഴുതുക.



12. വയൽക്കിളി സമരം -കുറിപ്പെഴുതുക.
13. സൈലന്റ് വാലി പ്രക്ഷോഭം -കുറിപ്പെഴുതുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഇന്ത്യയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
15. പരിസ്ഥിതി വിദ്യാഭ്യാസത്തിന്റെ ആവശ്യകത വിശദമാക്കുക.
16. കേരളത്തിലെ സമകാല പാരിസ്ഥിതിക പ്രശ്നങ്ങളും പാരിസ്ഥിതിക പ്രതിസന്ധികളെയും കുറിച്ച് ഉപന്യസിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU ES 6313

**എം. എ. പരിസ്ഥിതിപഠനം**

# പാരിസ്ഥിതിക ദർശനവും ഹരിത രാഷ്ട്രീയവും

സമയം: 3 മണിക്കൂർ | മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഗയ സിദ്ധാന്തം എന്നാലെന്ത്? ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കൾ ആരെല്ലാം?

2. താഴെ പറയുന്ന കൃതികളുടെ കർത്താക്കൾ ആരെല്ലാം?

   കാലാവസ്ഥാവ്യതിയാനത്തിന്റെ രാഷ്ട്രീയം

   ദിസ് ഫിഷർഡ് ലാന്റ്

3. കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്തം എന്നാലെന്ത്?

4. ഏത് ഭരണഘടനാ ഭേദഗതിയിലൂടെയാണ് വികേന്ദ്രീകൃത ഭരണസംവിധാനം നിലവിൽ വന്നത്? ഏത് വർഷം?

5. പാരിസ്ഥിതിക സൗന്ദര്യശാസ്ത്രം എന്നാലെന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ലിമിറ്റ്സ് ടു ഗ്രോത്ത് എന്ന ലേഖനത്തന്റെ പ്രതിപാദ്യ വിഷയം വിവരിക്കുക.

7. പരിസ്ഥിതിയും മലയാളസാഹിത്യവും - മലയാള സാഹിത്യത്തിലെ കഥകൾ, നോവലുകൾ എന്നിവയെ മുൻനിർത്തി ചർച്ച ചെയ്യുക.

8. ഭാരതീയ പ്രകൃതി ദർശനങ്ങൾ, വേദങ്ങൾ, ഉപനിഷത്തുകൾ എന്നിവയിലെ പരിസ്ഥിതി പരാമർശങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.

9. ആധുനിക ചിന്താധാരയിലെ പരിസ്ഥിതി - ഉപന്യസിക്കുക.



10. കല്ലേൻ പൊക്കുടന്റെ ആത്മകഥയിലെ പരിസ്ഥിതി പരാമർശങ്ങൾ വിവരിക്കുക.

11. വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകൻ' എന്ന കവിതയുടെ പ്രമേയം വിവരിക്കുക.

12. ഗാന്ധിജിയുടെ ജീവിതം പരിസ്ഥിതിയോട് എത്രമാത്രം യോജിച്ച രീതിയിലായിരുന്നു എന്ന് അദ്ദേഹത്തിന്റെ പരിസ്ഥിതി ദർശനങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.

13. ഗഹനപരിസ്ഥിതിവാദം എന്ന ആശയം വ്യക്തമാക്കുക. ഇതിന്റെ അടിസ്ഥാന തത്വങ്ങൾ വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഇസ്ലാം - ബുദ്ധ - ജൈന മതങ്ങളിലെ പരിസ്ഥിതി പ്രാധാന്യമുള്ള ആശയങ്ങൾ വിശദമാക്കുക.

15. തെയ്യം, പടയണി, കളമെഴുത്ത്, ചുമർചിത്രം തുടങ്ങിയ അനുഷ്ഠാന കലകളിലെ പരിസ്ഥിതിബന്ധം ചർച്ച ചെയ്യുക.

16. എകോ ഫെമിനിസം എന്ന ആശയം പി. വൽസലയുടെ 'എരണ്ടകൾ' എന്ന കഥയെ അടിസ്ഥാനമാക്കി വിവരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU ES 6314

**എം. എ. പരിസ്ഥിതിപഠനം**

# വികസനവും വിഭവവിനിയോഗവും

സമയം: 3 മണിക്കൂർ മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ആന്തരിക ജ്വലനയന്ത്രം എന്നാലെന്ത്?
2. വളർച്ചയുടെ പരിമിതി (Limits to Growth) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?
3. അസന്തുലിത വികസനം എന്നാലെന്ത്?
4. തൊഴിൽരഹിത വളർച്ച (Jobless Growth) എന്നാൽ എന്ത്?
5. അദൃശ്യമായ് കൈ (Invisible Hand) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. മോട്ടോർ വാഹന വിപ്ലവം സമൂഹത്തിലും പരിസ്ഥിതിയിലും ചെലുത്തിയ സ്വാധീനം ചർച്ച ചെയ്യുക.
7. മുതലാളിത്തത്തിന്റെ വ്യാപനത്തിന് രണ്ടാം ലോകമഹായുദ്ധത്തിന്റെ സ്വാധീനം വിലയിരുത്തുക.
8. മാൽത്തൂസിയൻ സിദ്ധാന്തത്തിന്റെ വിമർശകർ മുന്നോട്ടുവെയ്ക്കുന്ന വാദങ്ങൾ വിലയിരുത്തുക.
9. ആധുനിക ലോകത്തിൽ സുസ്ഥിരവികസനത്തിന്റെ പ്രസക്തി ചർച്ച ചെയ്യുക.
10. ക്ലാസിക്കൽ ഇക്കണോമിക്സിന്റെ അടിസ്ഥാന തത്വങ്ങൾ വിവരിക്കുക.
11. ആഗോളവൽക്കരണം കേരളത്തെ എങ്ങനെ സ്വാധീനിച്ചു എന്ന് വിലയിരുത്തുക.



12. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അസമത്വം വർദ്ധിക്കുന്നതിന് ആഗോളവൽക്കരണം എങ്ങനെ കാരണമായി എന്ന് വിലയിരുത്തുക.
13. നവ – മാൽത്തൂസിയൻ സിദ്ധാന്തം ചർച്ച ചെയ്യുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഫോസിൽ ഇന്ധനങ്ങളിലുള്ള ആഗോള ആശ്രയത്വം കുറയ്ക്കുന്നതിനുള്ള പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണ്? ഈ വെല്ലുവിളികളെ എങ്ങനെ നേരിടാം എന്ന് ചർച്ച ചെയ്യുക.
15. കെയ്നേഷ്യൻ സിദ്ധാന്തത്തിന്റെ അടിസ്ഥാന തത്വങ്ങളും സമ്പദ്‌വ്യവസ്ഥ കൈകാര്യം ചെയ്യുന്നതിനുള്ള അതിന്റെ സമീപനവും വിശദീകരിക്കുക. ക്ലാസിക്കൽ ഇക്കണോമിക്സിൽ നിന്ന് ഇത് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് ചർച്ച ചെയ്യുക.
16. ആഗോളവൽക്കരണത്തിന്റെ ഗുണങ്ങളും ദോഷങ്ങളും ഇന്ത്യയുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക. ആഗോളവൽക്കരണം ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ, സമൂഹം, സംസ്കാരം എന്നിവയെ എങ്ങനെ സ്വാധീനിച്ചു എന്ന് ചർച്ച ചെയ്യുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**മാർച്ച് - 2023**

# MU ES OE 6317

**എം. എ. പരിസ്ഥിതിപഠനം**

# പാരിസ്ഥിതികാരോഗ്യവും വിദ്യാഭ്യാസവും

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. തൊഴിലാരോഗ്യം എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്?
2. ഫ്ളൂറോസിസ്
3. സ്റ്റോക്ക്ഹോം സമ്മേളനം നടന്ന വർഷം? രാജ്യം?
4. വായുജന്യരോഗങ്ങൾ എന്നാലെന്ത്? ഒരുദാഹരണം എഴുതുക.
5. ആരോഗ്യത്തെ സ്വാധീനിക്കുന്ന സാമൂഹികഘടകങ്ങൾ ഏതെല്ലാം?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ദേശീയ ഗ്രാമീണ ആരോഗ്യദൗത്യത്തിന്റെ വീക്ഷണങ്ങളും ലക്ഷ്യങ്ങളും വിശദമാക്കുക.
7. ദുരന്തങ്ങളും ആരോഗ്യപ്രശ്നങ്ങളും - ഒരു ചെറുഖണ്ഡിക തയ്യാറാക്കുക.
8. ഇക്കോമാർക്ക്
9. പാരിസ്ഥിതിക വ്യതിയാനങ്ങൾ സാംക്രമികരോഗങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നു - വിശദമാക്കുക.
10. പാരിസ്ഥിതിക പ്രശ്നങ്ങളിൽ നൈതികതയുടെ പ്രയോഗം വിശദമാക്കുക.
11. ഭക്ഷ്യജന്യരോഗങ്ങളെപ്പറ്റി ഒരു കുറിപ്പെഴുതുക.



12. പാരിസ്ഥിതിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളും തത്വങ്ങളും വിശദമാക്കുക.
13. ഇക്കോസാനിന്റെ സങ്കല്പനങ്ങളും നേട്ടങ്ങളും വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. കേരളം അഭിമുഖീകരിക്കുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങൾ എന്തെല്ലാം? ആരോഗ്യസംരക്ഷണത്തിനായി സംസ്ഥാനതലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും നയങ്ങളും വിശദമാക്കുക.
15. ഉപന്യസിക്കുക - 'ശുചിത്വവും ആരോഗ്യവും'.
16. പാരിസ്ഥിതിക അവബോധമുള്ള ജനതയെ വാർത്തെടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഒരു വിദ്യാർത്ഥി എന്ന നിലയിൽ നിങ്ങളുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ്- 2023**

# MU ES E 6418

## എം.എ പരിസ്ഥിതിപഠനം

# സുസ്ഥിരവികസനവും സന്നദ്ധസംഘടനകളും

സമയം: **3** മണിക്കൂർ    മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. SEEK ന്റെ പൂർണരൂപം എഴുതുക. സംഘടനയുടെ മുഖപത്രം ഏത്?
2. പാരിസ്ഥിതിക വിദ്യാഭ്യാസം എന്നാൽ എന്ത?
3. ജൈവപിണ്ഡം എന്നാലെന്ത്?
4. പൂർണരൂപം എഴുതുക.

   എ) COSTFORD ബി) KSSP
5. സുസ്ഥിര വികസനം എന്നാൽ എന്ത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. പ്രകൃതിവിഭവ പരിപാലനത്തിൽ NGO കളുടെ പ്രവണതകൾ ഇന്ത്യൻ പരിപ്രേക്ഷ്യത്തിൽ ചർച്ച ചെയ്യുക.
7. സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങളിലെ സാധ്യതയും പരിമിതികളും ചർച്ച ചെയ്യുക.
8. കൂടംകുളം സമരം - കുറിപ്പെഴുതുക.
9. ജലതർക്കങ്ങളും സമരങ്ങളും കേരള പരിപ്രേക്ഷ്യത്തിൽ ചർച്ച ചെയ്യുക.
10. ചിപ്കോ പ്രസ്ഥാനം - കുറിപ്പെഴുതുക.
11. ബദൽ മാതൃകകൾ വികസിപ്പിക്കുന്നതിൽ സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുക.
12. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ഹരിതകർമസേനയുടെ പങ്ക് വ്യക്തമാക്കുക.



13. സന്നദ്ധ സംഘടനകളുടെ വർഗീകരണം വിശദമാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ജലസംരക്ഷണ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടെ ഇടപെടലുകളെക്കുറിച്ച് ഉപന്യസിക്കുക.
15. താഴെപറയുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് 3 വർഷ കാലയളവിലേക്ക് 30 ലക്ഷം രൂപയിൽ കവിയാതെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുക.

    എ) മാലിന്യസംസ്കരണം

    ബി) പ്രകൃതി സംരക്ഷണം

    സി) പാരിസ്ഥിതിക വിദ്യാഭ്യാസം

    ഡി) സ്ത്രീ ശാക്തീകരണം
16. സന്നദ്ധ സംഘടനകളുടെ ഉത്ഭവവും രൂപീകരണവും ഇന്ത്യയിൽ - ഉപന്യസിക്കുക..

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MU ES C 6420

## എം.എ പരിസ്ഥിതിപഠനം

## സുസ്ഥിര നഗരവൽക്കരണം

സമയം: **3** മണിക്കൂർ മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. PURA പദ്ധതി എന്നാലെന്ത്?
2. പാരിസ്ഥിതിക നഗരങ്ങൾ എന്നാലെന്ത്? Eco City എന്ന വാക്ക് കൊണ്ടുവന്നതാര്?
3. വ്യവസായവൽക്കരണ കാലത്തെ തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് ഏതായിരുന്നു? ആരുടേതായിരുന്നു ആ റിപ്പോർട്ട്?
4. നഗരതാപ ദ്വീപുകൾ എന്നാലെന്ത്? അതിന്റെ പ്രത്യാഘാതം എന്ത്?
5. മാവൂർ റയോൺസ് എന്നാണ് ആരംഭിച്ചത്? ഇതിന്റെ പ്രവർത്തനം മൂലം മലിനമാക്കപ്പെട്ട നദി ഏത്?

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. നഗരവൽക്കരണം, വ്യാവസായികവൽക്കരണം തുടങ്ങിയവ കൊണ്ടുണ്ടാകുന്ന ഭൂവിനിയോഗമാറ്റങ്ങൾ എന്തെല്ലാം? സുസ്ഥിര നഗരവൽക്കരണത്തിൽ ഇത്തരം മാറ്റങ്ങൾ ഉണ്ടാക്കുന്ന വെല്ലുവിളികൾ വിവരിക്കുക?
7. ഊർജ്ജസുരക്ഷ എന്നാലെന്ത്? നഗരവൽക്കരണത്തിൽ ഊർജ്ജ സുരക്ഷ കൈവരിക്കുന്നതിനായുള്ള സുസ്ഥിര മാർഗ്ഗങ്ങൾ എന്തെല്ലാം?
8. സുസ്ഥിര നഗരങ്ങളിൽ പൊതു പാർക്കുകളുടെ പ്രസക്തി ചർച്ച ചെയ്യുക.
9. പ്രത്യേക സാമ്പത്തിക മേഖലയെക്കുറിച്ച് വിവരിക്കുക.
10. നഗര പ്രദേശങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണത്തെ കുറിച്ച് വിവരിക്കുക.
11. നഗര പ്രളയം എന്നാലെന്ത്? സുസ്ഥിര നഗരവൽക്കരണത്തിൽ നഗര പ്രളയങ്ങൾ വെല്ലുവിളിയാകുന്നതെങ്ങനെ?
12. AMRUT പദ്ധതിയെക്കുറിച്ച് വിശദമാക്കുക.
13. ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ (SPMRM) കുറിപ്പെഴുതുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. വ്യാവസായിക വിപ്ലവം എന്നാലെന്ത്? വ്യാവസായിക വിപ്ലവ കാലത്ത് അനുഭവപ്പെട്ട വെല്ലുവിളികൾ എന്തെല്ലാം?
15. ഇന്ത്യയിലെ വ്യാവസായികവൽക്കരണവും നഗരവൽക്കരണവും കൊണ്ടുണ്ടാകുന്ന പാരിസ്ഥിതിക സാമൂഹിക പ്രശ്നങ്ങൾ ചർച്ച ചെയ്യുക.
16. സുസ്ഥിര നഗരവൽക്കരണത്തിന്റെ പ്രസക്തിയും വെല്ലുവിളികളും ചർച്ച ചെയ്യുക.

*****